"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ്-മൈനിംഗ് & ജിയോളജി-തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ വെള്ളറട വില്ലേജിൽ ബ്ലോക്ക് നം. 35 ൽ റീസർവ്വെ നം. 216/13-5-1 ൽപ്പെട്ട സ്ഥലത്തു നിന്നും കൊമേഴ്സ്യൽ കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി ടി പുരയിടത്തിൽ സ്ഥിതി ചെയ്യുന്ന 50.15 ക്യൂബിക് മീറ്റർ ഉരുളൻപാറ നീക്കം ചെയ്യുന്നതിന് ശ്രീ.നസീർ ഹുസൈൻ, കടവിളാകത്ത് പുത്തൻവീട്, പനച്ചമൂട് പി.ഒ. തിരുവനന്തപുരം എന്ന വ്യക്തിക്ക് കെ.എം.എം.സി ചട്ടങ്ങളിലെ, ചട്ടം 104 പ്രകാരം പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.25/2026/ID തീയതി,തിരുവനന്തപുരം, 07-01-2026

---

പരാമർശം:-

1. കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ
2. 27.03.2024-ലെ വെള്ളറട ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ SC4/2420/2024 നമ്പർ കത്ത്.
3. 04.04.2024-ലെ ശ്രീ.നസീർ ഹുസൈൻ, കടവിളാകത്ത് പുത്തൻവീട്, പനച്ചമൂട് പി.ഒ., തിരുവനന്തപുരം സമർപ്പിച്ച അപേക്ഷ.
4. 22.03.2025-ലെ തിരുവനന്തപുരം സബ് കളക്ടറുടെ RDOTVM/3167/2024-D/K.Dis നമ്പർ നിരാക്ഷേപ സാക്ഷ്യപത്രം.
5. 26.05.2025-ലെ തിരുവനന്തപുരം ജില്ലാ ജിയോളജിസ്റ്റിന്റെ DOTHI-DMG/631/2024-M നമ്പർ കത്ത്.
6. 15.11.2025-ലെ മൈനിംഗ് & ജിയോളജി ഡയറക്ടറുടെ DMG/1503/2025-M3 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ വെള്ളറട വില്ലേജിൽ ബ്ലോക്ക് നം. 35 ൽ റീസർവ്വെ നം. 216/13-5-1 ൽപ്പെട്ട സ്ഥലത്തു നിന്നും കൊമേഴ്സ്യൽ കെട്ടിടനിർമ്മാണത്തിന്റെ ഭാഗമായി ടി പുരയിടത്തിൽ സ്ഥിതി ചെയ്യുന്ന ഉരുളൻ പാറകൾ നീക്കം ചെയ്യുന്നതിന് അനുമതി നൽകണമെന്നാവശ്യപ്പെട്ട് ശ്രീ.നസീർ ഹുസൈൻ, കടവിളാകത്ത് പുത്തൻവീട്, പനച്ചമൂട് പി.ഒ., തിരുവനന്തപുരം എന്ന വ്യക്തി തിരുവനന്തപുരം ജില്ലാ ആഫീസിൽ അപേക്ഷ സമർപ്പിച്ചിരുന്നു. ടി അപേക്ഷയിന്മേൽ തിരുവനന്തപുരം ജില്ലാ ഓഫീസിൽ നിന്നും 03/05/2024, 03/05/2025 തീയതികളിൽ സ്ഥല പരിശോധന നടത്തിയിരുന്നു. തിരുവനന്തപുരം റവന്യൂ ഡിവിഷണൽ ഓഫീസറുടെ പരാമർശം(4) നിരാക്ഷേപ സാക്ഷ്യപത്രം, കൈവശാവകാശ സർട്ടിഫിക്കറ്റ്, ലൊക്കേഷൻ സ്കെച്ച്, വെള്ളറട പഞ്ചായത്തിൽ നിന്നും അനുവദിച്ച അപ്രൂവ്ഡ് ബിൽഡിംഗ് പെർമിറ്റ്, അപ്രൂവ്ഡ് ബിൽഡിംഗ് പ്ലാൻ, പഞ്ചായത്ത് സെക്രട്ടറിയുടെ കത്ത്, അഫിഡവിറ്റ് എന്നിവയും ഹാജരാക്കിയിരുന്നു. ടി സ്ഥലത്ത് നിന്നും 50.15 ക്യൂബിക് മീറ്റർ ഉരുളൻ പാറകൾ നീക്കം ചെയ്യേണ്ടതുണ്ടെന്ന് പരാമർശം(2) പ്രകാരം വെള്ളറട ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ വെള്ളറട വില്ലേജിൽ ബ്ലോക്ക് നം. 35 ൽ റീസർവ്വെ നം. 216/13-5-1 ൽപ്പെട്ട സ്ഥലത്തു നിന്നും കൊമേഴ്സ്യൽ കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി ടി പുരയിടത്തിൽ സ്ഥിതി ചെയ്യുന്ന 50.15 ക്യൂബിക് മീറ്റർ ഉരുളൻപാറ നിബന്ധനകൾക്ക് വിധേയമായി നീക്കം ചെയ്യുന്നതിന് കെ.എം.എം.സി ചട്ടം 104 പ്രകാരം അനുമതി നൽകാവുന്നതാണെന്ന് മൈനിംഗ് & ജിയോളജി ഡയറക്ടർ പരാമർശം(6) പ്രകാരം ശിപാർശ ചെയ്തിരിക്കുന്നു.

2). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മൈനിംഗ് & ജിയോളജി ഡയറക്ടറുടെ ശിപാർശയുടെയും തിരുവനന്തപുരം സബ് കളക്ടറുടെ നിരാക്ഷേപ സാക്ഷ്യപത്രത്തിന്റെയും അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ വെള്ളറട വില്ലേജിൽ ബ്ലോക്ക് നം. 35 ൽ റീസർവ്വെ നം. 216/13-5-1 ൽപ്പെട്ട സ്ഥലത്തു നിന്നും കൊമേഴ്സ്യൽ കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി ടി പുരയിടത്തിൽ സ്ഥിതി ചെയ്യുന്ന 50.15 ക്യൂബിക് മീറ്റർ ഉരുളൻപാറ ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി നീക്കം ചെയ്യുന്നതിന് ശ്രീ.നസീർ ഹുസൈൻ, കടവിളാകത്ത് പുത്തൻവീട്, പനച്ചമൂട് പി.ഒ., തിരുവനന്തപുരം എന്ന വ്യക്തിക്ക് കെ.എം.എം.സി ചട്ടങ്ങളിലെ, ചട്ടം 104 പ്രകാരം പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1.എക്സ്പ്ലോസീവ് ഉപയോഗിച്ചുള്ള ഖനന പ്രവർത്തനങ്ങൾ അനുവദനീയമല്ല.

2.നീക്കം ചെയ്യേണ്ട 50.15 ക്യൂബിക് മീറ്റർ ധാതുവിന്റെ റോയൽറ്റി മുൻകൂറായി ഒടുക്കേണ്ടതാണ്.
3.ടി പ്രവൃത്തി നിമിത്തം സമീപവാസികൾക്ക് ബുദ്ധിമുട്ടോ സമീപവസ്തുക്കൾക്ക് നാശനഷ്ടമോ ഉണ്ടാകാൻ പാടില്ല.
4.പരിസ്ഥിതിക്ക് കോട്ടം വരാതെയും റോഡ് ഗതാഗതം തടസ്സപ്പെടാതെയും ഉരുളൻ പാറ നീക്കം ചെയ്യേണ്ടതാണ്.
5.സബ് കളക്ടർ അനുവദിച്ച എൻ.ഒ.സി-യിലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.
6.വെള്ളറട വില്ലേജിൽ ബ്ലോക്ക് 35 ൽ റീസർവ്വെ 216/13-5-1 ൽ പെട്ട സ്ഥലത്തു നിന്നും കൊമേഴ്സ്യൽ കെട്ടിടനിർമ്മാണത്തിന്റെ ഭാഗമായി ടി പുരയിടത്തിൽ സ്ഥിതി ചെയ്യുന്ന 50.15 ക്യൂബിക് മീറ്റർ ഉരുളൻപാറ മാത്രമേ നീക്കം ചെയ്യുവാൻ പാടുള്ളൂ. അനുവദിച്ച അളവിൽ കൂടുതൽ ധാതു നീക്കം ചെയ്യുന്ന പക്ഷം ചട്ടപ്രകാരം പിഴ ഈടാക്കുന്നതാണ്.

7.ജില്ല മിനറൽ സ്ക്വാഡ് കൃത്യമായി പരിശോധന നടത്തി അനധികൃത പ്രവർത്തനം നടക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്.
8.സമീപത്തെ വീടുകൾക്കും റോഡിലൂടെയുള്ള വാഹനങ്ങൾക്കും അപകടം സംഭവിക്കാത്ത രീതിയിൽ മുൻകരുതലുകൾ സ്വീകരിച്ച് ഉരുളൻ പാറകൾ പൊട്ടിച്ച് നീക്കം ചെയ്യേണ്ടതാണ്.

9.തിരുവനന്തപുരം ജില്ലാ ഇൻസ്പെക്ഷൻ സ്ക്വാഡ് ഉത്തരവ് തീയതി മുതൽ 3 മാസത്തിനുശേഷം സൈറ്റ് ഇൻസ്പെക്ഷൻ നടത്തി വസ്തുതാ അന്വേഷണ റിപ്പോർട്ട് മൈനിങ് & ജിയോളജി ഡയറക്ടർ മുഖേന സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

10.ചട്ടം 104 പ്രകാരം നൽകിയ അനുമതി ദുരുപയോഗം ചെയ്തിട്ടുള്ളതായി തെളിയുകയാണെങ്കിൽ കെ.എം.എം.സി ചട്ടങ്ങൾ പ്രകാരം കർശന നിയമ നടപടി സ്വീകരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SABU ANTONY K
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം
സബ് കളക്ടർ, തിരുവനന്തപുരം
ജില്ലാ ജിയോളജിസ്റ്റ്, തിരുവനന്തപുരം
ശ്രീ.നസീർ ഹുസൈൻ, കടവിളാകത്ത് പുത്തൻവീട്, പനച്ചമൂട് പി.ഒ., തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sachin V R
സെക്ഷൻ ഓഫീസർ
Date: 07-01-2026 17:19:58